പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2383 12.03.2020 ൽ മറുപടിയ്ക്ക്

## മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | മറുപടി<br>ശ്രീ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വർദ്ധിച്ചു വരുന്ന അന്തരീക്ഷ താപനില കണക്കിലെടുത്ത് റോഡുകൾക്ക് ഇരുവശവും വിദ്യാലയങ്ങളിലും മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനുള്ള പദ്ധതികൾ വനം വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുമോ; | (എ), & (സി) | വനം വകുപ്പ് നിലവിൽ ഹരിതകേരളം പദ്ധതി പ്രകാരം സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തു വരുന്നുണ്ട്. കൂടാതെ റോഡുകളുടെ വശങ്ങളിൽ തൈകൾ നട്ടു പിടിപ്പിക്കുന്നതിനായി വഴിയോരത്തണൽ പദ്ധതിയും ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ, സ്ഥാപനങ്ങളിൽ തൈകൾ വെച്ചു പിടിപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാൻറിംഗ് പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് അതാത് മണ്ഡലങ്ങളിലെ എം.എൽ.എ. മാർ മുൻകൈ എടുക്കുകയാണെങ്കിൽ, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും അതിനു വേണ്ടുന്ന ചെലവുകൾ വഹിക്കുന്നതിനുമുള്ള നടപടികൾ വനം വകുപ്പിന് സ്വീകരിക്കുവാൻ സാധിക്കുമോ; | | (ബി) നിലവിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന മേല്പറഞ്ഞ പദ്ധതികൾ അല്ലാതെ പുതിയ പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഇല്ലെങ്കിൽ ഇത്തരത്തിലുള്ള പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | |

Signature valid

Digitally signed by ANJALYDEVI A G
Date: 2020.03.10 15:32:33 IST
Reason: Approved

സെക്ഷൻ ഓഫീസർ